**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3890** **27.08.2012-ൽ മറുപടിക്ക്**

## 'എന്ററോവൈറസ് 71'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അപൂർവ്വമായ 'എന്ററോവൈറസ് 71'-ന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുത വൈറസ് ഏതുവിധത്തിൽ കേരളത്തിൽ എത്തിപ്പെട്ടു എന്നതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; | ബി) പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ്, ജില്ലാ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, കോഴിക്കോട് മെഡിക്കൽ കോളേജ് വിദഗ്ദ്ധ സംഘം തുടങ്ങിയവർ മലപ്പുറം ജില്ലയിൽ 2011-ൽ പഠനം നടത്തിയിട്ടുണ്ട്. |
| സി) പ്രസ്തുത വൈറസ് ബാധമൂലം ഉണ്ടാകാവുന്ന അപകടങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | സി) സാധാരണ നിലയിൽ വലിയ അപകടങ്ങൾ ഉണ്ടാകാറില്ല. കുട്ടികളിൽ ലഘുവായ പനി, ജലദോഷം, തൊലിപ്പുറത്ത് നിറം മങ്ങിയ പാടുകൾ എന്നീ ലക്ഷണങ്ങൾ കാണാം. അപൂർവ്വം കുട്ടികളിൽ അസെപ്റ്റിക് മെനിഞ്ചൈറ്റിസ്, എൻസെഫലൈറ്റിസ് എന്നീ മാരകാവസ്ഥ ഉണ്ടായേക്കാം. തന്മൂലം മരണവും സംഭവിക്കാം. |
| ഡി) ഇതിന്റെ സാന്നിദ്ധ്യം എവിടെയൊക്കെ കണ്ടെത്തിയിട്ടുണ്ട് ; | ഡി) മലപ്പുറം ജില്ലയിലെ ചില പ്രദേശങ്ങളിൽ രോഗ ബാധ കണ്ടെത്തിയിട്ടുണ്ട്. ഇതിനോട് സമാനമായ ലക്ഷണങ്ങൾ കോട്ടയം, എറണാകുളം ജില്ലകളിൽ കണ്ടിട്ടുണ്ട്. |

ഇ) ആയതിന്റെ വ്യാപനം തടയാൻ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

ഇ) 1. വിദഗ്ദ്ധ സംഘം മലപ്പുറം ജില്ലയിൽ പ്രാഥമിക പഠനം നടത്തി.

2. ജില്ലാ ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ഇത് സംബന്ധിച്ച് ബോധവത്ക്കരണം നടത്തി.

3. 2012 മുതൽ ഐഡി.എസ്.പി.യിൽ ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ഇത്തരം രോഗം റിപ്പോർട്ട് ചെയ്യുമ്പോൾ ആവശ്യമായ രക്ത പരിശോധന നടത്തുവാൻ എൻ.ഐ.വി., ആലപ്പുഴ, എം.സി.വി.ആർ,, മണിപ്പാലുമായി ധാരണയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ